# പള്ളികഥകൾ

## മിനികഥകൾ അന്തി അഞ്ച്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചന്റെ കഥകൾ കേട്ട് ആൾക്കാർ മടുത്തിരിക്കയാണല്ലോയെന്ന് കരുതി, തുടന്ന് കഥകൾ പറയാൻ മടിച്ചിരിക്കുമ്പോൾ: ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നും അടുത്ത കഥ എപ്പോഴാണെന്ന് ആരാഞ്ഞ് ചോദ്യങ്ങൾ വരുന്നെന്നറിഞ്ഞപ്പോൾ അച്ചൻ ഉത്സാഹത്തോടെ കഥ പറയാൻ തുടങ്ങി. ഇതുവെരെ മലയാള സാഹിത്യത്തിൽ കേട്ടിട്ടില്ലാത്ത തരത്തിലുള്ള പുതുമ നിറഞ്ഞ ശൈലിയിലുള്ള ഈ പള്ളികഥകൾ കേൾക്കാൻ ഉത്സുകരായി ധാരാളം ആൾക്കാർ ഉണ്ടെന്ന കേൾക്കുമ്പോൾ തീച്ചയായും വീണ്ടും വീണ്ടും കഥകൾ പറയാൻ ആക്കാണെങ്കിലും ഉത്സാഹം വദ്ധിക്കുമല്ലോ!

# സംശയരോഗം

കേരളത്തിൽ തന്നെ ജനിച്ചു വളന്ന സാധാരണയായുള്ള വിദ്യാഭ്യാസവും സംസ്ക്കാരവും ഉള്ള ഏതൊരു സ്ത്രീക്കും സാധാരണ ഉണ്ടാകുന്ന ഒരു രോഗമാണിത്. അതിൽ ആരേയും കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല.

അമേരിക്കയിലെ ഒരു പള്ളിയിൽ നടന്ന സംഭവമാണിത്. കേരളത്തിൽ ജനിച്ച് വളന്നശേഷം അമേരിക്കയിൽ വെറും ഒരു വഷം പിന്നിട്ട ആളാണ് ശോസാമ്മ. വളരെ ചെറുപ്പം. വിവാഹം കഴിഞ്ഞിട്ട് ഒന്നര വഷമേ ആയിട്ടുള്ളു. കണ്ടാൽ കൊള്ളാം. പക്ഷേ ശോശാമ്മയുടെ ഉള്ളിലെ വിചാരം ഭൂലോക സുന്ദരിയെന്നാണ്. വെളുത്ത നിറമാണ്. ആരെങ്കിലും പുരുഷന്മാർ പ്രായഭേദമെന്യേ അവരെ നോക്കിയാൽ അവരുടെ മനസ്സിൽ സംശയമായി. അമേരിക്കൻ ഭാഷയിൽ പറഞ്ഞാൽ സൈക്ക്.

ശോശാമ്മ പള്ളിയിൽ പോയാൽ എപ്പോഴും പുറകിൽ നിന്ന് മൂന്നാമത്തെ ബെഞ്ചിന്റെ ഇടത്തേ അറ്റത്തായി അതായത് പള്ളിയിയുടെ നടുഭാഗത്തായി മാത്രമേ നിൽക്കുകയുള്ളു. അത് അവരുടെ കുത്തുക സീറ്റാക്കി കരുതി വെച്ചിരിക്കുകയാണ് കണ്ടാൽ തോന്നും. തറവാട്ടു വക കൊടുത്തിരിക്കുകയാണെന്ന്. സാധാരണ ആരാധന തുടങ്ങുന്ന സമയത്തു തന്നെ അവർ പള്ളിയിൽ വന്ന് അവരുടെ സീറ്റ് കരസ്ഥമാക്കിയിരിക്കും. ആരും ഇതുവെരെ അതിനെച്ചൊല്ലി യാതൊരു കലഹവും ഉണ്ടാക്കിയിട്ടില്ല.

''എന്റെ അച്ചാ, അയാൾ എന്നും ഞാൻ നിൽക്കുന്നതിന്റെ തൊട്ടടുത്തുള്ള/തൊട്ടപ്പുറമുള്ള സീറ്റിലേ നിൽക്കത്തുള്ളു. എന്നിട്ട് എന്റെ മമ്മസ്ഥാനത്തേക്കാണ് എപ്പോഴും തല തിരിച്ച് ഒരു നാണവും ഇല്ലാതെ നോക്കുന്നത്. കണ്ണേൽ കൂളിഗ് ഗ്ലാസ്സും വെച്ച് അയാൾ നോക്കുന്നത് എവിടെക്കാണെന്ന് എനിക്കറിയത്തില്ലയൊ? എനിക്ക് നാണം വന്നിട്ട് ഞാൻ സാരി കൊണ്ട് മൂടി പുതച്ചിട്ടും അതിനകത്തുകൂടെ അയാളുടെ തറച്ച നോട്ടം അകത്തേക്ക് കടന്ന വരികയാണ്. എന്നേപോലെ സുന്ദരിയായ വേറെ സ്ത്രീകൾ ഈ പള്ളിയിൽ ഇല്ലാത്തതു കൊണ്ടല്ലയോ അയാളിങ്ങനെ നോക്കുന്നത്. സാബുച്ചായനോട് ഞാൻ പലപ്രാവശ്യം പറഞ്ഞതാണ് പള്ളിയിൽ ആരാധന നടക്കുമ്പോൾ തന്നെ അയാളുടെ ചെകിടടിച്ചു പൊട്ടിക്കാൻ. സാബുച്ചായൻ ആള് ഡീസെന്റാണെന്ന് അച്ചനറിയാമല്ലോ. എന്നാൽ ഞാൻ പോയി ചെയ്താലോയെന്ന് പലപ്രാവശ്യം ആലോചിച്ചതാണ്. എന്തായാലും അച്ചനോട് വിവരം ധരിപ്പിച്ചിട്ട് ആകാമെന്ന കരുതി. ഇതുപോലെയുള്ള തൈ കിളവന്മാക്ക് നമ്മുടെ നാട്ടിലും ഈ രോഗം ഞാൻ കണ്ടിട്ടുള്ളതാണ്. അവിടുത്തെ അനുഭവം കണ്ട് മടുത്ത് ഇവിടെ വന്നപ്പോ, 'പട പേടിച്ച് പന്തളത്തു ചെന്നപ്പം, പന്തോം കുത്തി പട' എന്ന പഴമൊഴി പോലെയായി ഇവിടെ കഥ.''

ശോശാമ്മ ഭത്താവ് സാബുവുമായാണ് പരതി പറയാൻ അച്ചന്റെയടുക്കൽ ചെന്നത്. അയാൾ പൊതുവേ മിതഭാഷണിയാണ്. അതിന്റെ കേട് തീത്ത് അവൾ വായാടിയാണെന്നാണ് പള്ളിയിൽ എല്ലാവരും പറയുന്നത്.

അവരുടെ പരാതി കേട്ടു കഴിഞ്ഞ് അവരോട് അടുത്ത ഞായറാഴ്ച അച്ചന്റെയടുക്കൽ ചെല്ലാൻ അച്ചൻ അവരോട് പറഞ്ഞു. ഒരാളിന്റെ പരാതി കേട്ട് ഉടനെ തീപ്പ് കല്പിക്കാൻ പറ്റത്തില്ലല്ലോ.

ആ പള്ളിയിലെ പ്രായം കൂടിയ ആൾക്കാരിലൊരാളാണ് എതിർ കക്ഷി. കുഞ്ഞൂഞ്ഞച്ചായൻ എന്ന് വിളിക്കുന്ന ജോൺ എസ് വഗ്ഗീസ്. എല്ലാ ആരാധനാ ദിവസവും കാലത്ത് തന്നെ അയാൾ പള്ളിയിൽ ഏറ്റവും ആഭാടമായി വസ്ത്രധാണം ചെയ്തേ വരികയുള്ളു. എല്ലാ ഞായറാഴ്ചയും മാറി മാറി സൂട്ടിട്ട് പള്ളിയിൽ വരുന്ന ഏക വ്യക്തി. കണ്ടാൽ കൂളിംഗ്ഗ്ലാസ് എന്ന തോന്നുന്ന വിലകൂടിയ വായനാകണ്ണാടിയാണ് ഉപയോഗിക്കുന്നത്. നരച്ച ചുരുണ്ട മുടിയും, പിരിച്ചു വെച്ചിരിക്കുന്ന നരച്ച കൊമ്പൻ മീശയും കണ്ട് അയാളുടെ ഭാര്യപോലും അയാളോടസൂയപ്പെട്ടിട്ടുണ്ട്. വിലകൂടിയ വണ്ടിയിലാണ് അയാൾ യാത്ര ചെയ്യുന്നത്. ആ വാഹനം പുത്തനായി വാങ്ങിച്ച് ആദ്യമായി പള്ളിയിൽ വന്ന് മടങ്ങി പോകാൻ നേരം കാണുന്നത് അതിന്റെ പുറകിൽ ആരോ ഭയങ്കരമായി വരച്ചു വെച്ചിരിക്കുന്നതാണ്. ഉടനെ തന്നെ വികാരിയച്ചനേയും, പള്ളി സെക്രട്ടറിയേയും ട്രഷറാറേയോ വിളിച്ച് കാണിച്ച് വിവരം ധരിപ്പിച്ചതാണ്. അതിന്ന ശേഷം അല്പം അകലെയായി, എപ്പോഴും പള്ളിയിൽ നിന്നാൽ കാണാവുന്ന ദൂരത്തിൽ ആണ് ആ വാഹനം ഇട്ടത്. തന്മൂലം പള്ളിയിൽ നിൽക്കുമ്പോൾ അയാൾക്ക് എപ്പോഴും ആ വാഹനം കാണാവുന്ന ഒരു സ്ഥാനമായ ഭാഗത്തായി അയാളുടെ സ്ഥിരം നിൽപ്പ്. ''ഈ സമയത്ത് നമ്മുടെ ബോധങ്ങളും വിചാരങ്ങളും മുകളിൽ മ്ശിഹായുടെ സന്നിധിയിൽ ആയിരിക്കണമെന്ന്'' അച്ചൻ പറയുമ്പോഴും അയാളുടെ നോട്ടവും വിചാരവും എല്ലാം അയാളുടെ വാഹനത്തിലാണ്. ആരെങ്കിലും ഇനിയും അതേൽ ഉപദ്രവിക്കുന്നുണ്ടോയെന്നാണ് അയാളുടെ നോട്ടം. പ്രായമേറയായാലും അയാളുടെ ഭാര്യ നല്ല സുന്ദരിയും മര്യാദക്കാരിയുമാണെന്നാണ് ആ പള്ളിയിലെ എല്ലാവരുടേയും അഭിപ്രായവും.

അടുത്ത ഞായറാഴ്ച ആരാധന കഴിഞ്ഞ് നമ്മുടെ ശോശാമ്മയേയും സാബുവിനേയും തൊട്ടടുത്ത മുറിയിൽ ഇരുത്തിയ ശേഷം അച്ചൻ കുഞ്ഞൂഞ്ഞച്ചായനേ ഓഫീസ് മുറിയിൽ ഇരുത്തി സംസാരിച്ചു. അവർ അവിടെ സംസാരിക്കുന്നത് നല്ല വ്യക്തമായി ശോശാമ്മയ്ക്കും കേൾക്കാം.

''അച്ചാ, എന്റെ അമ്മയോ വല്ല്യമ്മച്ചിയോ അണ് അടുത്ത് നിൽക്കുന്നതെങ്കിലും ഞാൻ എപ്പോഴും എന്റെ വാഹനത്തേൽ നോക്കിക്കൊണ്ടിരിക്കും. ഞാൻ ശ്രദ്ധിക്കേണ്ടത് ഞാൻ ശ്രദ്ധിക്കും. എന്റെ അമ്മയും വെല്ലമ്മച്ചിയും ഒരിക്കലും എന്നെ സംശയിക്കത്തില്ല. ഇങ്ങിനെ സംശയ രോഗമുള്ളവരെ ഇവിടെ അമേരിക്കയിൽ എത്രയും പെട്ടന്ന് നല്ല ഡോക്ടറെ കാണിച്ച് ചികിത്സിക്കേണ്ടതാണ്.''

ശോശാമ്മ പള്ളിയിലെ ആ സ്ഥാനം മാറി നിന്നാലെന്താണെന്ന അച്ചന്റെ ചോദ്യത്തിന് അവക്കുത്തരമില്ലാതായി. അടുത്ത ഞായറാഴ്ച മുതൽ ശോശാമ്മ ഒരു സീറ്റ് പുറകു വശത്തു മാറി നിന്നിട്ട്, അവർ നേരത്തെ നിന്നിടത്ത് ആ പള്ളിയിലെ ഏറ്റവും പ്രായം കൂടിയ സ്ത്രീയെ നിത്തിയപ്പോഴും അവൾ അതു തന്നെ കണ്ടു. ആ സ്ത്രീയുടെ മമ്മസ്ഥാനത്തയാൾ നോക്കിയെന്ന് പറയാൻ പറ്റുമോ?